പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3229 — 21.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യെ സേവനപരവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയെ കൂടുതൽ സേവനപരവും കാര്യക്ഷമവുമാക്കി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ കൂടുതൽ സേവനപരവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിലേക്കായി നിലവിലുള്ള ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരിക്കുകയും എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. യാത്രക്കാർക്ക് ചുരുങ്ങിയ സമയം കൊണ്ട് കൃത്യസ്ഥലത്ത് എത്തിചേരുന്നതിന് 'മിന്നൽ' സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകളുടെ ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിച്ച് ഐക്യത്തോടെ നയങ്ങൾ നടപ്പിലാക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വിശദമാക്കുമോ? | (ബി) | ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകളുടെ ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ടാണ് നയങ്ങൾ നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**